17 (*570) രണ്ടാം ദേശീയ ലേബർ കമ്മിഷൻ

ശ്രീ. ജി. സുധാകരൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. ആനത്തലവട്ടം ആനന്ദൻ ;
ശ്രീമതി ജെ. മെഴ്സിക്കുട്ടിഅമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം ദേശീയ ലേബർ കമ്മിഷൻ രൂപീകരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ദേശീയ ലേബർ കമ്മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ദേശീയ ലേബർ കമ്മിഷന്റെ രൂപീകരണത്തിൽ സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചനകൾ നടത്താറുണ്ടോ;

(ഡി) ഒന്നാം ദേശീയ ലേബർ കമ്മിഷൻ എന്നാണ് രൂപീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഒന്നാം ദേശീയ ലേബർ കമ്മിഷൻ രൂപീകരിച്ചപ്പോൾ സംസ്ഥാന സർക്കാരുകളുമായി എന്തെങ്കിലും കൂടിയാലോചനകൾ നടത്തിയിരുന്നതായി അറിയാമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) രണ്ടാം ദേശീയ ലേബർ കമ്മിഷൻ പ്രാബല്യത്തിൽ വരുന്നതോടെ സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽനിയമങ്ങളുടെ പ്രസക്തി നഷ്ടപ്പെടുമെന്ന ആശങ്ക നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ നിലവിലുള്ള നിയമങ്ങൾ സംരക്ഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ തീരുമാനം ഔദ്യോഗികമായി ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി)(ഡി)&(ഇ) വിവരം ലഭ്യമല്ല.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

18 (*571) ഗവൺമെന്റ് പ്രസ്സുകളുടെ പ്രവർത്തനം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എം. നാരായണൻ(കുഴൽമന്ദം) :
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ഗവൺമെന്റ് പ്രസ്സുകളുടെ പ്രവർത്തനരീതി പരിശോധിക്കുന്നതിനും പ്രവർത്തനം കുറ്റമറ്റ രീതിയിലാക്കുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഗവൺമെന്റ് പ്രസ്സുകളിൽ ജീവനക്കാർക്ക് ഓവർടൈം നൽകുന്നതിനോടനുബന്ധിച്ച മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടുള്ള നടപടികൾ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓവർടൈം നൽകുന്നതോടനുബന്ധിച്ച് ഇവിടെ നടക്കുന്ന പ്രവൃത്തികൾ അന്വേഷണ വിധേയമാക്കുമോ;

(ഡി) ഗവൺമെന്റ് പ്രസ്സുകളിൽ വൻ തുക ഓവർടൈം ഇനത്തിൽ നൽകേണ്ടിവരുമ്പോഴും വളരെ പ്രധാനപ്പെട്ട സർക്കാർ ഗസറ്റുകൾ യഥാസമയങ്ങളിൽ പ്രസിദ്ധീകരിക്കാൻ കഴിയുന്നില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്സുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) ഗവൺമെന്റ് പ്രസിദ്ധീകരണങ്ങളുടെ ആവശ്യം കണക്കിലെടുത്ത് കൂടുതൽ പ്രസ്സുകൾ ആരംഭിക്കുന്നതിനുള്ള എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) സർക്കാർ പ്രസ്സുകളുടെ പ്രവർത്തനരീതി പരിശോധിക്കുന്നതിനും അവയുടെ പ്രവർത്തനം കുറ്റമറ്റമാക്കുന്നതിനുംവേണ്ടി ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ടിന്റെ (സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ്) നേതൃത്വത്തിൽ ഒരു വിജിലൻസ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗം സർക്കാർ പ്രസ്സുകളുടെ പ്രവർത്തനരീതി കാലാനുസൃതമായി പരിശോധിച്ചുവരുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്സുകളുടെ പ്രവർത്തനം കുറ്റമറ്റ രീതിയിലാക്കാനുള്ള നടപടികൾ വകുപ്പു തലത്തിൽ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ വകുപ്പിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിനെ വിജിലൻസ് ഓഫീസറായും നിയമിച്ചിട്ടുണ്ട്.

(ബി) അച്ചടി വകുപ്പു ഡയറക്ടർ, ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട്, ഫൈനാൻസ് ഓഫീസർ, ബ്രാഞ്ച് പ്രസ്സ് തലവൻമാർ തുടങ്ങിയവർക്ക് ചുമതലയുണ്ട്. എന്നിരുന്നാലും ലോക്സഭാ, നിയമസഭാ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ്, സംസ്ഥാന നിയമസഭാ സമ്മേളനം തുടങ്ങിയവയുടെ നടപടി ജോലികൾ വരുമ്പോൾ മാനദണ്ഡങ്ങൾ മറികടന്ന് ഓവർടൈം നൽകേണ്ട സാഹചര്യം വരാറുണ്ട്.

(സി) ആക്ഷേപങ്ങൾ ഉണ്ടാകുമ്പോൾ അന്വേഷിക്കുന്നതാണ്.

(ഡി) പൊതുതെരഞ്ഞെടുപ്പുകൾ, നിയമസഭാസമ്മേളനം എന്നിവയുമായി ബന്ധപ്പെട്ട് സമയബന്ധിതമായി തീർക്കേണ്ടിവരുന്ന അച്ചടി ജോലികൾ ഏറ്റെടുക്കുന്ന അവസരങ്ങളിൽ ഗസറ്റുകൾ പ്രസിദ്ധീകരിക്കുന്നതിൽ ചെറിയ കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സർക്കാർ പ്രസ്സുകൾ നവീകരിക്കുന്നതിനും അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുംവേണ്ടിയുള്ള കാര്യങ്ങൾ പഠിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിനുവേണ്ടി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ സർക്കാർ നിയോഗിക്കുകയുണ്ടായി. പ്രസ്തുത വിദഗ്ദ്ധ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) ഗവൺമെന്റ് പ്രസിദ്ധീകരണങ്ങളുടെ ആവശ്യം കണക്കിലെടുത്ത് നിലവിലുള്ള സർക്കാർ പ്രസ്സുകൾ ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് കൂടുതൽ ശക്തിപ്പെടുത്തിവരുന്നുണ്ട്. അതിന്റെ ഭാഗമായി ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, വയനാട് പ്രസ്സ് എന്നിവിടങ്ങളിൽ പുതിയ പ്രസ്സുകൾ സ്ഥാപിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ ഉമയനല്ലൂരിൽ ഒരു പ്രസ്സ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചുവരുന്നു. കാസർഗോഡ് ഒരു കന്നട പ്രസ്സ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. കൂടാതെ വയനാട്, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിലെ സർക്കാർ പ്രസ്സുകൾ പുതിയ കെട്ടിടങ്ങളിലേയ്ക്കു മാറ്റുന്നതോടൊപ്പം ആധുനിക അച്ചടി സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്.

19 (*572) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കം

ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് നടപ്പിൽവരുത്തുമെന്ന് വെളിപ്പെടുത്താമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ)&(ബി) ഉണ്ട്.

തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർപേഴ്സണും തിരുവനന്തപുരം വൻകിട ജലസേചനവിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ കോ-ഓർഡിനേറ്ററും, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ അംഗങ്ങളായും ഒരു ആക്ഷൻ കമ്മിറ്റി രൂപീകരിച്ച്, 1993-94 വർഷത്തിൽ ഒരു പഠന റിപ്പോർട്ട് ഗവൺമെന്റിന് ലഭിക്കുകയും അതിൻപ്രകാരമുള്ള 92160 ലക്ഷം രൂപ അടങ്കൽ തുക വരുന്ന മാസ്റ്റർ പ്ലാൻ ഗവൺമെന്റ് അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള പരിപാടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരികയുമാണ്.

(സി) 5 വർഷംകൊണ്ട് ഈ പദ്ധതി പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly